# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ: 304**

**24.06.2013- ൽ മറുപടിക്ക്**

## മറൈൻ കാർഗോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>" തേറമ്പിൽ രാമകൃഷ്ണൻ :<br>" വർക്കല കഹാർ :<br>" വി.ഡി. സതീശൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മറൈൻ കാർഗോ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്, കേരളത്തിലെ ചെറുകിട തുറമുഖങ്ങളെയും ഉൾനാടൻ ജലഗതാഗതത്തേയും ബന്ധപ്പെടുത്തി ക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) കേരളത്തിലെ തിരക്കേറിയ റോഡുകളിൽ ക്കൂടി, ചരക്കുവണ്ടികളും, എൽ.പി.ജി. പോലുള്ള അപകടകരമായ കാർഗോകളും ട്രാൻസ്പോർട്ട് ചെയ്യുന്ന രീതി കഴിയുന്നിടത്തൊക്കെ ഒഴിവാക്കി ജലമാർഗ്ഗമാക്കുകയും, അതുവഴി റോഡിലുള്ള തിരക്കു കുറയ്ക്കാനും അതുമൂലമുള്ള റോഡപകടങ്ങളും, ഗതാഗതക്കുരുക്കും ഒഴിവാക്കാനും സാധ്യമാകും, പെട്ടെന്ന് തീപിടിക്കാൻ സാദ്ധ്യതയുള്ള പെട്രോളിയം ഉത്പന്നങ്ങളും, അപകടകരമായ രാസവസ്തുക്കളും കടൽമാർഗ്ഗം വരുമ്പോൾ ജീവഹാനി കുറയ്ക്കാൻ കഴിയും, സാധനങ്ങളുടെ വില ഒരളവോളം കുറയ്ക്കാൻ കഴിയും, പരിസരമലിനീകരണ തോതും, ചരക്ക് കടത്തുകൂലി ചാർജ്ജും കുറയ്ക്കുകയും 20% ചരക്കു ഗതാഗതം വെള്ളത്തിലൂടെ യായാൽ പുതിയ റോഡുകൾ നിർമ്മിക്കേണ്ട ആവശ്യകത, നിലവിലുള്ള റോഡുകൾ വീതികൂട്ടേണ്ട ആവശ്യകത, എന്നിവ കുറയുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കോസ്റ്റൽ ഷിപ്പിംഗും ഉൾനാടൻ ജലഗതാഗതവും നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽ ഒന്നും തന്നെ മത്സ്യ സമ്പത്ത് കുറയുകയോ, മത്സ്യ ബന്ധനത്തിൽ തടസ്സം ഉണ്ടായതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാവില്ല. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ? | (ഡി) | കേരളത്തിൽ ചരക്കുകൾ ഉത്പാദിപ്പിക്കുകയോ സംസ്കരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന എല്ലാ ഏജൻസികളുടെയും സഹകരണം ലഭിക്കാവുന്ന തരത്തിലാണ് മറൈൻ കാർഗോ പദ്ധതിയ്ക്ക് രൂപം നൽകിയിരിക്കുന്നത്. കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കസ്റ്റംസ്, സെയിൽസ് ടാക്സ്, ഇമിഗ്രേഷൻ, പ്ലാന്റ് ക്വാറന്റൈൻ എന്നീ ഏജൻസികളാണ് പരിപാടിയിൽ സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ